(ഡി) ഈ വർഷം അവസാനത്തോടെ ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കും എന്നു പ്രതീക്ഷിക്കുന്നു.

കോവളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസനപദ്ധതികൾ

161(1416) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറമുഖവകുപ്പിന്റെ കീഴിൽ കോവളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസനപദ്ധതികൾ ഏതെല്ലാമെന്നും, ഇതിന്റെ എസ്റ്റിമേറ്റ് തുകയും ഈ പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുനാമി എമർജൻസി അസിസ്റ്റന്റ് സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കോവളം നിയോജകമണ്ഡലത്തിൽ 2 പ്രവൃത്തികൾ ഏർപ്പാടാക്കുകയുണ്ടായി.

1. സീവേർഡ് ബ്രോക്ക് വാട്ടറിന്റെ അറ്റകുറ്റപ്പണികളും ഇന്റേണൽ റോഡ്, അപ്രോച്ച് റോഡ് എന്നിവയുടെ അറ്റകുറ്റപ്പണികളും. ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. (അടങ്കൽ തുക 243.25 ലക്ഷം രൂപ)

2. വിഴിഞ്ഞം കാർഗോ ബർത്ത് പുനർനിർമ്മാണം : ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. (അടങ്കൽ തുക - 887 ലക്ഷം രൂപ)

   പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി വിഴിഞ്ഞം തുറമുഖത്തെ വിവിധ പ്രവൃത്തികൾക്കായി 97.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സീവേർഡ് ബ്രേക്ക് വാട്ടറിലേക്കുള്ള ട്രാൻസിറ്റ് ഷെഡിന്റെ നിർമ്മാണത്തിനായി 170 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി പ്രീ-കാളിഫിക്കേഷൻ ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തുറമുഖത്തേക്ക് പുതിയ മൊബൈൽ ക്രയിനും അനുവദിച്ചിട്ടുണ്ട്. (അടങ്കൽ തുക : 7757903.75 രൂപ).

   വിഴിഞ്ഞം തുറമുഖത്ത് അപ്രോച്ച് റോഡ്, കോമ്പൗണ്ട് വാൾ എന്നിവയുടെ നിർമ്മാണത്തിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. (58.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി). നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള റോഡ് ബന്ധത്തിനുള്ള ലാന്റ് അക്വിസിഷൻ 95% പൂർത്തിയായിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ റോഡ് കണക്ടിവിറ്റിക്ക് കോവളം-വിഴിഞ്ഞം-പൂവ്വാർ-കളിയിക്കാവിള റോഡിന്റെ ഹെവി അലെയ്മെന്റും കലുങ്കു ജംഗ്ഷൻ മുതൽ മുല്ലൂർ വരെയുള്ള 600 മീറ്റർ റോഡിന്റെ നിർമ്മാണവും KSTP നടപ്പിലാക്കി വരുന്നു. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 33.95 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly